**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.4541** — **29.06.2012 ൽ മറുപടിയ്ക്ക്**

# ആലപ്പുഴയിലെ പി.എം.ജി.എസ്.വൈ ഫേസ് 8

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) പി.എം.ജി.എസ്.വൈ. യിൽ ഉൾപ്പെടുത്തി റോഡ് നിർമ്മാണം നടത്തുവാൻ റോഡുകൾ തെരെഞ്ഞടുക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; | എ) പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം പ്രവർത്തികൾ ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഗ്രാമപ്രദേശങ്ങളിൽ 500ൽ അധികം ജനസംഖ്യയുള്ളതും മെച്ചപ്പെട്ട റോഡിൽ നിന്നും 500 മീറ്റർ ദൂരമുള്ളതുമായ ഒറ്റപ്പെട്ടുകിടക്കുന്ന ആവാസ കേന്ദ്രങ്ങളെ മെച്ചപ്പെട്ട റോഡുകളുമായി ബന്ധിപ്പിക്കുന്നതുമായ റോഡുകൾക്കാണ് മുൻഗണന. കുന്നിൻ പ്രദേശങ്ങളിൽ ഈ ദൂരം 1.5 കി.മി. ആയി നിജപ്പെടുത്തിയിട്ടുണ്ട്.<br>2. പുതുതായിനിർമ്മിക്കാനുദ്ദേശിക്കുന്ന റോഡ് ഈ പദ്ധതിയുടെ അടിസ്ഥാന രേഖയായി തയ്യാറാക്കിയിട്ടുള്ള 'കോർനെറ്റ്വർക്കി'ന്റെ ഭാഗമായിരിക്കണം. (നിലവിലുള്ള റോഡുകളുടെയും നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡുകളുടെയും മാപ്പിംഗ്)<br>3. കൂടുതൽ ആളുകൾക്ക് /ആവാസ കേന്ദ്രങ്ങൾക്ക് പ്രയോജനം കിട്ടുന്ന റോഡുകൾക്ക് മുൻഗണന.<br>4. ഈ പദ്ധതിപ്രകാരം ഏറ്റെടുക്കുന്ന റോഡുകൾക്ക് കേന്ദ്രസർക്കാർ നിഷ്ക്കർഷിക്കുന്ന 6 മുതൽ 7.5 മീറ്റർ വരെ വീതി ഉണ്ടായിരിക്കണം. ആയതിന് ബന്ധപ്പെട്ട ബ്ലോക്ക്പഞ്ചായത്തിന്റെ സാക്ഷ്യപത്രം പദ്ധതിയോടൊപ്പം സമർപ്പിക്കേണ്ടതാണ്. |

5. ഈ പദ്ധതിപ്രകാരം നിലവിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിനായി ഏറ്റെടുക്കുന്ന റോഡുകൾ പഞ്ചായത്തിന്റെ അധീനതയിലുള്ളതായിരിക്കണം. നിശ്ചിത റോഡിന്റെ പേവ്മെന്റ് സൂചിക രണ്ടോ അതിൽ താഴെയോ ആയിരിക്കണം.

ബി) പി.എം.ജി.എസ്.വൈ. യിൽ വിവിധ ഫേസുകളിൽ ആലപ്പുഴ ജില്ലയിൽ എത്ര റോഡുകൾ അനുവദിച്ചുവെന്ന് പറയാമോ ; ടെണ്ടർ ചെയ്തിട്ടും കരാറുകാർ ഏറ്റെടുക്കുവാൻ തയ്യാറാകാത്തതുമായ റോഡുകൾ ഏതെല്ലാമെന്ന് പറയാമോ ;

ബി) പി.എം.ജി.എസ്.വൈ യിൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ 83 റോഡുകൾ വിവിധ ഫേസുകളിലായി അനുവദിച്ചിട്ടുണ്ട്.

ടെണ്ടർ ചെയ്തിട്ടും കരാറുകാർ ഏറ്റെടുക്കാത്ത റോഡുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഇതിൽ വെളിയനാട് ബ്ലോക്കിലെ പാലം പണി ഉൾപ്പെട്ട ഈറ -വാലടി റോഡ് എന്ന പ്രവർത്തിക്ക് ഒരു കരാറുകാരൻ 57.40 ശതമാനം അധിക നിരക്ക് ആവശ്യപ്പെട്ടുകൊണ്ട് കരാർ സമർപ്പിച്ചിട്ടുണ്ട്.

സി) പി.എം.ജി.എസ്.വൈ. റോഡുകൾ ഏറ്റെടുത്ത് നടപ്പിലാക്കാൻ കരാറുകാർ താല്പര്യം കാണിക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഇതിന് പരിഹാരം കാണാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

സി) ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

ടെണ്ടർ ലഭിക്കാത്ത പ്രവർത്തികൾ ചെറിയ പാക്കേജുകളായി വീണ്ടും ടെണ്ടർ ചെയ്തിട്ടുണ്ട്. 2/7/2012 ആണ് ടെണ്ടർ ലഭിക്കേണ്ട അവസാന തീയതി. 2010 ഷെഡ്യൂൾ നിരക്ക് പ്രകാരം ടെണ്ടർ ചെയ്യുന്ന പ്രവർത്തികൾക്ക് പരമാവധി 42 ശതമാനം വരെ ടെണ്ടർ പ്രീമിയം നൽകുന്നതിനുള്ള അനുവാദം നല്കിയിട്ടുണ്ട്.

ഡി) പി.എം.ജി.എസ്.വൈ. ഫേസ് 8-ൽ ഉൾപ്പെടുത്തി ആലപ്പുഴ ജില്ലയിൽ നിന്ന് കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള റോഡുനിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ?

ഡി) പി.എം.ജി.എസ്.വൈ ഫേസ് 8ൽ ഉൾപ്പെടുത്തേണ്ട റോഡുകളുടെ ലിസ്റ്റ് അന്തിമമായി അംഗീകരിച്ചിട്ടില്ല. ഫേസ് 8ൽ ഏറ്റെടുക്കേണ്ട റോഡുകളുടെ മുൻഗണനാ പട്ടിക ആലപ്പുഴ ജില്ലയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഈ പട്ടിക ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് ശേഷം മാത്രമേ അന്തിമ പട്ടിക തയ്യാറാവുകയുള്ളൂ.

സെക്ഷൻ ഓഫീസർ